# CHRONICLES

LITTLE KITES E PAPER - GHSS MUNDERI

2025 JULY EDITION

little KITEs

# ഡോക്ടർസ് ദിനം







ജൂലൈ 1 ഡോക്ടർസ് ഡേയോടനുബന്ധിച്ച് കാഞ്ഞിരോട് ആയുഷ് ഹെൽത്ത് സെന്റർ ഹോമിയോപ്പതി മെഡിക്കൽ ഓഫീസർ ഡോക്ടർ വിനി. ഡി യേ മുണ്ടേരി ഹൈസ്കൂൾ ഹെൽത്ത് ക്ലബ്, ജൂനിയർ റെഡ്ക്രോസ്സ് വിദ്യാർത്ഥികൾ ചേർന്ന് ആദരിച്ചു.

# പേവിഷബാധ പ്രതിരോധം: ബോധവൽക്കരണം

പേവിഷബാധയ്ക്കെതിരെ പ്രത്യേക അസംബ്ലി നടത്തി ബോധവൽക്കരണം നൽകി. സമൂഹം നേരിടുന്ന ഒരു പ്രധാന ആരോഗ്യ സുരക്ഷ വെല്ലുവിളിയായ പേവിഷ ബാധയെക്കുറിച്ചും അതിന്റെ പ്രതിരോധ പ്രവർത്തനങ്ങളെ കുറിച്ചും കുട്ടികൾക്ക് അവബോധം നൽകുന്നതിനാണ് പരിപാടി സംഘടിപ്പിച്ചത്. സ്കൂൾ എസ് പി സി കാഡറ്റ് അമീൻ അർഷാദ് പേ വിഷബാധ ബോധവൽക്കരണ പ്രതിജ്ഞ ചൊല്ലി.







# മുദ്ര കിരണം

## സിവിൽ സർവീസ് പരിശീലന പരിപാടിക്ക് മുണ്ടേരി ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ തുടക്കം










മുണ്ടേരി ഗവ. ഹയർ സെക്കന്ററി സ്കൂളിൽ മുദ്രാകിരണം സിവിൽ സർവ്വീസ് പരിശീലനത്തിന് തുടക്കമായി. ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നും തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കാണ് പരിശീലന പരിപാടി ഇതിൽ 50% കുട്ടികൾ മുണ്ടേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ്.

"ലക്ഷ്യബോധത്തോടെ മുന്നേറാൻ സിവിൽ സർവീസ് പരിശീലനം വഴിയൊരുക്കും" ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്.

വിദ്യാർഥികൾക്ക് ലക്ഷ്യബോധത്തോടെ മുന്നേറാൻ സിവിൽ സർവീസ് പരിശീലനം വഴിയൊരുക്കുമെന്ന് സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക് പറഞ്ഞു. മുദ്രകിരണം പദ്ധതിയുടെ ഭാഗമായി മുണ്ടേരി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ആരംഭിച്ച സിവിൽ സർവ്വീസ് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ചീഫ് സെക്രട്ടറി. വിദ്യാർത്ഥികൾ ലക്ഷ്യബോധത്തോടെ മുന്നേറണമെന്നും കുട്ടികളുടെ മുന്നേറ്റത്തിൽ മാതാപിതാക്കൾ പൂർണ പിന്തുണ നൽകണമെന്നും അദ്ദേഹം പറഞ്ഞു. 21 വയസ്സിൽ സിവിൽ സർവീസ് പരീക്ഷ എഴുതണം. ആദ്യ ശ്രമത്തിൽ ഐ എ എസ് കരസ്ഥമാക്കണം. സ്കൂൾ കാലഘട്ടത്തിൽ തുടങ്ങിയാൽ അത് സാധ്യമാക്കാമെന്നും ചീഫ് സെക്രട്ടറി പറഞ്ഞു. ഏത് വിഷയം എടുക്കണമെന്ന കാര്യത്തിൽ ധാരണ ഉണ്ടാകണം. ഓരോ ദിവസവും ഉപന്യാസങ്ങൾ എഴുതി പരിശീലിക്കണമെന്നും എല്ലാ ദിവസവും പത്രവും മറ്റ് മാസികകളും വായിക്കണമെന്നും അദ്ദേഹം പറഞ്ഞു.

സിവിൽ സർവീസിന് ഉപകരിക്കുന്ന പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ലൈബ്രറികൾ ഉണ്ടാവണം. സിവിൽ സർവീസ് പരിശീലന ക്ലാസുകളിൽ അഭിമുഖത്തിനുള്ള വേദികൾ ഒരുക്കണം. സിവിൽ സർവീസ് നേടിയവരെ പരിശീലകരാക്കി കൊണ്ടുവരാൻ ശ്രദ്ധിക്കണം. സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ ദൈനംദിന ജോലികൾ കണ്ടുപഠിക്കുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയ മുണ്ടേരി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ രാജ്യത്തിന് തന്നെ മാതൃകയായെന്നും ചീഫ് സെക്രട്ടറി പറഞ്ഞു.

കേരള സിവിൽ സർവ്വീസ് അക്കാദമിയും മുണ്ടേരി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ മുദ്രാ പദ്ധതിയും ചേർന്നാണ് സിവിൽ സർവ്വീസ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്.

കുട്ടികളുടെ വ്യത്യസ്ത കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മുണ്ടേരി സ്കൂളിൽ ചലച്ചിത്ര ക്ലബ്ബ് രൂപീകരിക്കുമെന്ന് പരിപാടിയിൽ അധ്യക്ഷനായ മുദ്രാ വിദ്യാഭ്യാസ സമിതി ചെയർമാൻ മുൻ എം പി കെ. കെ. രാഗേഷ് പറഞ്ഞു. ചലച്ചിത്ര ക്ലബ്ബിന്റെ സംസ്ഥാനതല ഉദ്ഘാടനം ഈ വർഷം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഉദ്ഘാടനത്തിന് മുന്നോടിയായി ഒരാഴ്ച നീണ്ടുനിൽക്കുന്ന ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ. കെ രത്നകുമാരി സംസാരിച്ചു. ജില്ലാ കലക്ടർ അരുൺ കെ വിജയൻ, ഡി.ഐ.ജി ജി.എച്ച് യതീഷ് ചന്ദ്ര, സി സി എഫ് ബി.എൻ. അൻജൻകുമാർ, സിറ്റി ജില്ലാ പോലീസ് മേധാവി സി നിധിൻ രാജ്, തലശ്ശേരി സബ് കലക്ടർ കാർത്തിക് പാണിഗ്രാഹി, അസി. കലക്ടർ എഹ്തെദ മുഫസ്സിർ, കണ്ണൂർ ഡി എഫ് ഒ വൈശാഖ് ശശികുമാർ എന്നിവർ വിദ്യാർഥികൾക്ക് ലഘു പരിശീലനം നൽകി.

# ബഹിരാകാശ അനുഭവങ്ങളറിഞ്ഞ്
# മുണ്ടേരിയുടെ മക്കളും




**ശുഭാംശു ശുക്ല സ്പേസ് സ്റ്റേഷനിൽ നിന്ന് ഗിഫ്റ്റഡ് വിദ്യാർത്ഥികളുമായി സംവദിച്ചു. മുണ്ടേരി ഗവ: ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾ പാർവണ കെ, അജയ്. കെ. അരവിന്ദ് എന്നിവർ ഉൾപ്പെടുന്നു.**

ഇന്ത്യൻ വ്യോമസേനാ ഓഫീസർ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല അന്താരാഷ്ട്ര ബഹിരാകാശ നിലയമായ ഐ.എസ്.എസ്(ISS) ലേക്ക് യാത്ര ചെയ്ത ആദ്യ ഇന്ത്യൻ പൗരനായി ചരിത്രം കുറിച്ചു. ഇതോടൊപ്പം അവരുമായി 2025 ജൂലൈ 3 വ്യാഴായ്ച ഉച്ചയ്ക്ക് ബഹിരാകാശ നിലയത്തിൽ നിന്ന് മുണ്ടേരി ഗവ:ഹയർ സെക്കൻ്ററി സ്കൂളിലെ 2 വിദ്യാർത്ഥികൾ സംസാരിച്ചു.
ബഹിരാകാശാല നിലയത്തിൽ നിന്ന് ക്യാപ്റ്റൻ ശുഭാശു ശുക്ല ഏഴാം ദിവസമാണ് കേരളത്തിലെ ഗിഫ്റ്റഡ് കുട്ടികളുമായി തിരുവനന്തപുരത്തെ വിക്രം സാരഭായ് സ്പെയിസ് സെൻ്ററിലെ ബഹിരാകാശ കമ്മ്യൂണിക്കേഷൻ സെൻ്ററിൽ വെച്ചാണ് ആശയ വിനിമയം നടത്തിയത്. അതിൽ പങ്കാളിയാവാനാണ് മുണ്ടേരി ഗവർമെൻ്റ് ഹയർ സെക്കൻ്ററി സ്കൂളിലെ 2 ഗിഫ്റ്റഡ് വിദ്യാർത്ഥികൾക്കും അവസരം ലഭിച്ചത്. മൈക്രോ ഗ്രാവിറ്റി, വിദ്യാർത്ഥികൾക്ക് അന്തരാഷ്ട്ര ബഹിരാകാശ നിലയിൽ എത്തുവാൻ വേണ്ട മുന്നൊരുക്കങ്ങൾ ഇവ സംബന്ധിച്ചാണ് വിദ്യാർത്ഥികൾ ശുഭാംശു ശുക്ലയോട് പ്രധാനമായും ആശയവിനിമയം നടത്തിയത്. തിരുവനന്തപുരത്ത് വിക്രം സാരഭായ് സ്പെയിസ് സെൻ്ററിലെ സീനിയർ സയിൻ്റിസ്റ്റുമാർ വിദ്യാർത്ഥികൾക്ക് തുടർന്ന് മാർഗ്ഗം നിർദ്ദേശം നൽകി മുണ്ടേരി ഗവ: സ്കൂളിലെ ശാസ്ത്രാധ്യാപിക മഞ്ജുള വിദ്യാർത്ഥികളോടൊപ്പം അനുഗമിച്ചു.

## അറബിക് ടാലെൻ്റ് ടെസ്റ്റ്

അലിഫ് അറബിക് ക്ലബ്ബിൻ്റെ നേതൃത്വത്തിൽ അറബിക് ടാലെൻ്റ് ടെസ്റ്റ് സ്കൂൾതല മത്സരം നടത്തി വിജയികളെ തിരഞ്ഞെടുത്തു. സബ്ജില്ലാ തലത്തിൽ മുണ്ടേരി സ്കൂൾ എട്ടാം തരം വിദ്യാർത്ഥിനി നബ ഫാത്തിമ നാലാം സ്ഥാനം കരസ്ഥമാക്കി.





# ലോക ജനസംഖ്യാ ദിനം

ലോക ജനസംഖ്യാ ദിനത്തോടനുബന്ധിച്ച് സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രാബന്ധ രചന മത്സരം, പ്രസംഗ മത്സരം എന്നിവ ഹെഡ്മാസ്റ്റർ വേണുമാസ്റ്റർ ജനസംഖ്യ ദിന സന്ദേശം നൽകി ഉദ്ഘാടനം ചെയ്തു.



# വിജയോത്സവം 2025



2024-'25 അധ്യയന വർഷത്തെ എസ് എസ് എൽ സി, പ്ലസ് വൺ, പ്ലസ് ടു പൊതുപരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു.

# ചാന്ദ്ര ദിനം

ചാന്ദ്ര ദിനത്തിന്റെ ഭാഗമായി മുണ്ടേരി സ്കൂൾ എസ് പി സി, സയൻസ് ക്ലബ്ബ്, ആർട്സ് ക്ലബ്ബ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന പോസ്റ്റർ പ്രദർശനം ഹെഡ്മിസ്ട്രെസ്സ് റംലത് ബീവി ടീച്ചർ ഉദ്ഘാടനം ചെയ്തു. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ചാന്ദ്ര ദിനത്തോടാനുബന്ധിച്ച് പ്രസേന്റേഷൻ തയ്യാറാക്കൽ മത്സരം സംഘടിപ്പിച്ചു.



സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്വിസ് മത്സരം, സോഷ്യൽ ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രബന്ധ രചന മത്സരം, പ്രസംഗ മത്സരം, അറബിക് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കഥാരചന മത്സരം എന്നിവ നടത്തി.





# ലിറ്റിൽ കൈറ്റ്സ് യൂണിഫോം വിതരണം

ലിറ്റിൽ കൈറ്റ്സ് 2025-28 ബാച്ച് യൂണിഫോം വിതരണം ഹെഡ്മിസ്ട്രെസ് റംലത് ബീവി ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു.



# രക്ഷാകർത്തൃ യോഗം

ഒൻപത്, പത്ത് ക്ലാസ്സുകളിലെ കുട്ടികളുടെ രക്ഷിതാക്കൾക്ക് പി ടി എ യോഗം നടന്നു. ജൂലൈ 15 മുതൽ നടന്ന ഫസ്റ്റ് മിഡ് ടെം പരീക്ഷയുടെ അടിസ്ഥാനത്തിലാണ് യോഗം നടന്നത്.

## പ്രേംചന്ദ് ജയന്തി

പ്രേംചന്ദ് ജയന്തിയോടനുബന്ധിച്ച് ഹിന്ദി ക്ലബ്ബിന്റെയും ഉർദു ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ പോസ്റ്റർ പ്രദർശനം നടന്നു. ഹെഡ്മിസ്ട്രെസ് റംലത് ബീവി ടീച്ചർ പരിപാടി ഉദ്ഘാടനം ചെയ്തു. ഹിന്ദി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ക്വിസ് മത്സരവും സംഘടിപ്പിച്ചു.









# അഭിനന്ദനങ്ങൾ




ഗവ. ഹയർ സെക്കന്ററി സ്കൂൾ മുണ്ടേരി





























HEADMISTRESS & STAFF
GOVT.HIGHER SECONDARY SCHOOL MUNDERI



# അഭിനന്ദനങ്ങൾ






































സ്കൂൾ സോഷ്യൽ സർവീസ് സ്കീം സെലക്ഷൻ ടെസ്റ്റ്.

